# പതിനാലാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം
# നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2319
# 12.06.2018 ലെ മറുപടിക്ക്

## <u>നിയോജകമണ്ഡല ആസ്തി വികസന നിധി</u>

| | ചോദ്യം<br>ശ്രീ. എം. മുകേഷ് | ഉത്തരം<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | ലൈഫ് മിഷൻ പദ്ധതിയിൻ കീഴിൽ ഭൂരഹിത-ഭവന രഹിത കുടുംബങ്ങൾക്ക് ഭവന സമുച്ചയങ്ങൾ നിർമ്മിച്ചുനൽകുന്ന പദ്ധതിയിൽ സർക്കാരിന്റേയും തദ്ദേശസ്ഥാപനങ്ങളുടേയും വിഹിതത്തിനൊപ്പം എം.എൽ എ ആസ്തി വികസന നിധിയിൽ നിന്നും തുക വിനിയോഗിക്കുന്നതിന് സാധിക്കുമോ; | സർക്കാർ ഉടമസ്ഥതയിൽ മൂലധന സ്വഭാവമുള്ള ആസ്തികളുടെ സൃഷ്ടിക്കായാണ് നിയോജകമണ്ഡല ആസ്തി വികസന പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. എന്നാൽ സമ്പൂർണ്ണ പാർപ്പിട സുരക്ഷാപദ്ധതി (ലൈഫ്) യുടെ ഗുണഭോക്താക്കൾ ഭൂരഹിതരും ഭവനരഹിതരുമാണെങ്കിലും സ്വകാര്യ വ്യക്തികളാണ്. നിലവിലുള്ള മാനദണ്ഡങ്ങൾ പ്രകാരം ആസ്തി വികസന ഫണ്ട് മറ്റ് ഫണ്ടുകളുമായി ചേർത്ത് വിനിയോഗിക്കാനും വ്യവസ്ഥയില്ല. മാത്രമല്ല, ലൈഫ് പദ്ധതിക്കായുള്ള ഗുണഭോക്താക്കളുടെ പട്ടിക ഇതിനോടകം പുറത്തിറക്കിക്കഴിഞ്ഞു. അതിൽ നിന്നും ചിലർക്ക് മാത്രമായി ആസ്തി വികസന ഫണ്ട് വിനിയോഗിക്കുന്നത് വിമർശനത്തിന് ഇടയാക്കിയേക്കാം. എന്നിരുന്നാലും സർക്കാരിന്റെ സുപ്രധാന പദ്ധതികളിലൊന്നായ സമ്പൂർണ്ണ പാർപ്പിട സുരക്ഷാപദ്ധതിയിൽ (ലൈഫ്) ഭൂരഹിത-ഭവനരഹിതർക്കായി നിയോജകമണ്ഡലങ്ങൾ കേന്ദ്രീകരിച്ച് നിർമ്മിച്ച് നൽകുന്ന ഫ്ലാറ്റ് സമുച്ചയങ്ങൾക്കായി ആസ്തി വികസന ഫണ്ട് വിനിയോഗിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| (ബി) | ഇല്ലെങ്കിൽ നിലവിലുള്ള ചട്ടങ്ങളിൽ ഇളവ് നൽകി ഉത്തരവ് ഭേദഗതി ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | |

(ഒപ്പ്)
**സെക്ഷൻ ഓഫീസർ**